**<u>തിരുവനന്തപുരം, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

വിഷയം :- ആ.വ.ഡ–ജീവനക്കാര്യം– പ്രവേശന കാലാവധി ദീർഘിപ്പിച്ചു നൽകിയതിനു ശേഷം അസിസ്റ്റന്റ് സർജനായി നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. ഉത്തരവ് നം. ഇ.എ 3–25349/21/ആ.വ.ഡ തീയതി. 14/05/2021

2. ഡോ.അമൃത.ജെ.എസ് സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ് നം .ഇ.എ 3–25349/2021/ആ.വ.ഡ തീയതി. 17/06/2021</u>**

ഡോ. അമൃത. ജെ.എസ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശയിൽ അസിസ്റ്റന്റ് സർജനായി പരാമർശം (1) പ്രകാരം നിയമന ഉത്തരവ് നൽകിയെങ്കിലും ടിയാളുടെ അപേക്ഷ പ്രകാരം പ്രവേശന കാലാവധി 27/06/2021 തീയതി വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. എന്നാൽ പരാമർശം (2) പ്രകാരമുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡോ.അമൃത.ജെ.എസ്-നെ ജനറൽ ആശുപത്രി, തൃശ്ശൂർ നിയമിച്ചു കൊണ്ട് ഉത്തരവാകുന്നു.

ടിയാൾ 24/06/2021 തീയതിയ്ക്കകം അസ്സൽ സർട്ടിഫിക്കറ്റുകളും നിയമന ഉത്തരവും സഹിതം തൃശ്ശൂർ ജില്ലാ മെഡിക്കൽ ആഫീസർ മുൻപാകെ ഹാജരാകേണ്ടതാണ് . അല്ലാത്ത പക്ഷം ജോലിയിൽ പ്രവേശിക്കാത്ത വിവരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻപാകെ അറിയിക്കുന്നതാണ്.

ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്.

**(ഒപ്പ്)**

**ഡോ. വി.ആർ.രാജു**

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

Dr. Amrutha.J.S, Makayiram, Omanathinkal Lane, Venjaramoodu,
Thiruvananthapuram -695607

പകർപ്പ്

1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തൃശ്ശൂർ
(ഡോ.അമൃത.ജെ.എസ്.-ന്റെ തിരിച്ചറിയൽ രേഖ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ടിയാളെ നിയമിച്ച സ്ഥാപനത്തിൽ ഒഴിവ് ഇല്ലായെങ്കിൽ സാധൂകരണത്തിന് വിധേയമായി മറ്റൊരു സ്ഥാപനത്തിൽ നിയമിക്കേണ്ടതാണ്.)
2. അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, ജനറൽ ആശുപത്രി, തൃശ്ശൂർ (ടിയാളുടെ സേവന വിവരങ്ങൾ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തുന്നതിനുള്ള മേൽ നടപടി സ്വീകരിക്കേണ്ടതാണ്)
4. ഫയൽ / കരുതൽ ഫയൽ

**//ഉത്തരവിൻപ്രകാരം//**

**സൂപ്രണ്ട്**